**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268** **01-02-2023 - ൽ മറുപടിയ്ക്ക്**

**സർട്ടിഫിക്കറ്റുകൾ തിരികെ നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജുകളിൽ ചേർന്ന് പഠനം പൂർത്തിയാക്കുന്നതിന് മുമ്പ് കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീ പൂർണമായും അടച്ചുതീർക്കാത്ത കാരണത്താൽ പ്ലസ് ടു സർട്ടിഫിക്കറ്റുകൾ തിരിച്ചുനൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ഇത്തരം പരാതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | **2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലെക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) 2019-ലെ 13-ാം ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ച് വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടു വന്നിരുന്നു. സർക്കാർ ഏറ്റെടുക്കുന്നതിന് മുൻപ് പ്രസ്തുത സ്ഥാപനത്തിൽ പ്രവേശനം നേടിയിരുന്ന ചില വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കാതെ പഠനം അവസാനിപ്പിച്ചിരുന്നു. പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരമുള്ള നിശ്ചിത തുക അടക്കാത്ത പക്ഷം, കോഴ്സ് പൂർത്തിയാക്കാതെ പഠനത്തിൽ നിന്നും വിടുതൽ ചെയ്യുന്നവരുടെ സർട്ടിഫിക്കേറ്റുകൾ തിരികെ നൽകുവാൻ കഴിയുമായിരുന്നില്ല. അതിനാൽ പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരമുള്ള നിശ്ചിത തുക അടക്കാതിരുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കേറ്റുകൾ കോളേജ് ഓഫീസിൽ നിലവിൽ സൂക്ഷിച്ചിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് നിലവിലുള്ള ഇത്തരം പരാതികളിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്ന വിഷയം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും** |

| | | | |
|---|---|---|---|
| | | | **വിശദമായ റിപ്പോർട്ട് ലഭ്യമാക്കി സർക്കാർ പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ